(സി)-(ജി) 1.6.98 മുതൽക്കുള്ള തൊഴിൽരഹിത വേതനത്തിനായി പുതിയതായി അപേക്ഷ ക്ഷണിക്കുക, അവ പരിശോധിക്കുക, ശേഷം ഗുണഭോക്താക്കൾക്ക് അനുവദിക്കുക തുടങ്ങിയ കാര്യങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്. 6/98 മുതൽ തൊഴിൽരഹിത വേതനത്തിനുള്ള അപേക്ഷകൾ ക്ഷണിക്കുക, അനുവദിക്കുക തുടങ്ങിയ കാര്യങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിച്ചു വരികയാണ്. ഭൂരിഭാഗം തദ്ദേശഭരണ സ്ഥാപനങ്ങളും അപേക്ഷ ക്ഷണിച്ചുകഴിഞ്ഞുവെങ്കിലും മറ്റു നടപടികൾ പൂർത്തിയാക്കിയിട്ടില്ല. തദ്ദേശഭരണസ്ഥാപനങ്ങളിൽനിന്നും കൃത്യമായ കണക്ക് ലഭിച്ചാൽ മാത്രമേ ഇക്കാര്യത്തിൽ എന്തുതുക വേണ്ടിവരുമെന്ന് അറിയുവാൻ കഴിയൂ. തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നും ഗുണഭോക്താക്കളുടെ എണ്ണം, ആവശ്യമായ തുകയുടെ കണക്ക് എന്നിവ ലഭിച്ചാൽ മാത്രമേ തുക അലോട്ട്ചെയ്ത് നൽകുവാൻ കഴിയുകയുള്ളൂ.

153 (779) തൊഴിൽദാന പദ്ധതി

ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത തൊഴിൽരഹിതർക്കുവേണ്ടി ഏതെങ്കിലും തൊഴിൽദാന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാശംങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതിയിലേക്ക് പ്രത്യേകം അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ എപ്പോൾ അപേക്ഷ ക്ഷണിക്കുമെന്ന് വ്യക്തമാക്കുമോ;

(ഇ) ദേശസാൽകൃത ബാങ്കുകൾ ഉൾപ്പെടെയുള്ള ധനകാര്യസ്ഥാപനങ്ങളെ ഈ പദ്ധതിയുമായി ബന്ധപ്പെടുത്താൻ സന്നദ്ധമാകുമോ;

(എഫ്) ഈ പദ്ധതിയുടെ മേൽനോട്ടത്തിന് യുവജനസംഘടനാ പ്രതിനിധികളടക്കമുള്ള ഒരു കമ്മിറ്റിയെ നിയോഗിക്കുവാൻ തയാറാകുമോ;

(ജി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എച്ച്) ഈ പദ്ധതിക്ക് എത്രതുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത തൊഴിൽരഹിതരുടെ തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കുന്നതിന് 12.11.82 ലെ ജി.ഒ.(പി)40/82/ എൽ.സി.ആർ. പ്രകാരം ഒരു സ്വയംതൊഴിൽ പദ്ധതി 1.11.1982 മുതൽ ആവിഷ്കരിച്ച് നടപ്പിലാക്കിവന്നിരുന്നു. എന്നാൽ ഈ പദ്ധതി യുവാക്കളെ ആകർഷിക്കുവാൻ പര്യാപ്തമല്ലാതെവന്ന സാഹചര്യത്തിൽ ആയത് പരിഷ്കരിച്ച് ഒരു പുതിയ സ്വയംതൊഴിൽ പദ്ധതി (കെസ്റു -99) 30-3-1999-ലെ ജി.ഒ.(പി) 40/99/തൊഴിൽ പ്രകാരം ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ഏതെങ്കിലും ഒരു എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത 21-നും 40 -നും ഇടയിൽ പ്രായമുള്ളവരും വാർഷിക കുടുംബവരുമാനം 24000 രൂപയിൽ കവിയാത്തവരുമായ തൊഴിൽ

LIBRARY ARCHIVES Kerala Legislative Assembly

രഹിതർക്ക് ഈ പദ്ധതിപ്രകാരം അപേക്ഷിക്കാൻ അർഹതയുണ്ട്. പട്ടിക ജാതി/പട്ടികവർഗ്ഗ/വികലാംഗ ഉദ്യോഗാർത്ഥികൾക്ക് ഉയർന്ന പ്രായപരിധി യിൽ 5 വർഷത്തെ ഇളവ് ലഭിക്കുന്നതാണ്. അപേക്ഷകർ വിദ്യാർത്ഥിയായിരി ക്കാൻ പാടില്ല. പദ്ധതിയിൻകീഴിൽ അപേക്ഷകൻ സമർപ്പിക്കുന്ന പ്രോജക്ടുക ളുടെ അംഗീകാരത്തിന് വിധേയമായി 30,000 രൂപ മുതൽ പരമാവധി 50,000 രൂപവരെ ധനകാര്യ സ്ഥാപനങ്ങൾവഴി വായ്പ നൽകുവാൻ പദ്ധതി വിഭാ വനം ചെയ്യുന്നു. കൂടാതെ ധനകാര്യസ്ഥാപനങ്ങൾ അംഗീകരിക്കുന്ന പ്രോജ ക്ടിനു ആവശ്യമായ തുകയുടെ 15 ശതമാനം സർക്കാർ സബ്സിഡിയായി നൽകുവാനും ധനകാര്യസ്ഥാപനങ്ങൾ നിശ്ചയിക്കുന്ന 5 ശതമാനത്തിനുമേ ലുള്ള പലിശയിൻമേൽ പരമാവധി 5 ശതമാനം പലിശ സബ്സിഡിയായി അനുവദിക്കാനും പദ്ധതി വിഭാവനം ചെയ്യുന്നു.

(സി) ഇല്ല.

(ഡി) അപേക്ഷ ക്ഷണിക്കുന്നതിനുള്ള നടപടി എംപ്ലോയ്മെന്റ് ഡയറക്ടർ സ്വീകരിച്ചുവരുന്നു.

(ഇ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ പരിധിക്കുള്ളിൽ സ്ഥിതി ചെയ്യുന്ന ദേശസാൽകൃത/ ഷെഡ്യൂൾഡ് ബാങ്കുകൾ, സംസ്ഥാന/ജില്ലാ സഹ രണ ബാങ്കുകൾ, കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്, മറ്റു പൊതു മേഖലാ ധനകാര്യസ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ എന്നിവ മുഖേന ഈ പദ്ധതിയിൻകീഴിൽ വായ്പ ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നു.

(എഫ്)&(ജി) ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷനായുള്ള ഒരു ജില്ലാതല സമിതിയാണ് നിലവിലുള്ള ഉത്തരവുപ്രകാരം രൂപീകരിച്ചിട്ടുള്ളത്. സംസ്ഥാനതല കമ്മിറ്റിയിൽ യുവജന സംഘടനകളുടെ രണ്ട് പ്രതിനിധികളെ ഉൾപ്പെടുത്തുന്നതിന് വ്യവസ്ഥചെയ്തിട്ടുണ്ട്.

(എച്ച്) സ്വയംതൊഴിൽ പദ്ധതിക്കായി 1999-2000 സാമ്പത്തിക വർഷ ത്തിലേക്ക് 50,00,000 രൂപ വകയിരുത്തിയിട്ടുണ്ട്.

154 (780) കയ്യൂർ ഐ.ടി.ഐ. യിൽ ഫർണിച്ചർ വാങ്ങുന്നതി നുള്ള അനുമതി

<u>ശ്രീ. കെ.പി. സതീശ് ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ കയ്യൂർ ഐ.ടി.ഐ. ക്ക് ആവശ്യമായ ഫർണിച്ചറുകൾ, മറ്റുപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് അനുമതി നൽകി കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്രവീതം തുകയാണ് അനുവദിച്ചതെന്ന് അറിയി ക്കുമോ;

(സി) ഈ ഉത്തരവുപ്രകാരം ഐ.ടി.ഐ. ൽ ഫർണിച്ചറുകളും ഉപക രണങ്ങളും സപ്ലൈ ചെയ്തതിന്റെ വിശദവിവരം അറിയിക്കുമോ?

<u>ഉത്തരം</u>

(എ)&(ബി) 9.10.98 ലെ ജി.ഒ.(ആർ.ടി)നം 3121/98/തൊഴിൽപ്രകാരം 4,85,425/- രൂപയുടെ ഫർണിച്ചർ വാങ്ങാനും, 25.11.1998-ലെ ജി.ഒ. (ആർ.ടി)

LIBRARY ARCHIVES Kerala Legislative Assembly